"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കണ്ണൂർ ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.6/2026/DMD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-
1. സ. ഉ. (കൈ) നം. 3/2018/DMD തീയതി, 27.03.2018
2. സ. ഉ. (സാധാ) നം. 183/2025/DMD തീയതി, 27.03.2025
3. 04.11.2025 തീയതിയിൽ കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിൻ സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെട്ട ഏഴോം പഞ്ചായത്തിലെ ഹാജി റോഡ്, മാടായി പഞ്ചായത്തിലെ കോമ്രേഡ് വായനശാല മുതൽ കാവുംതല റോഡ്, കണ്ണപുരം പഞ്ചായത്തിലെ പഞ്ചായത്ത് പൊതുശ്മശാനം ഉമ്മിണിക്കുന്ന് റോഡ് എന്നീ പ്രവൃത്തികൾക്ക് പരാമർശം (2) ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) വീതം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി റോഡുകൾ ലഭ്യമായ മറ്റുഫണ്ടുകൾ ഉപയോഗിച്ച് നേരത്തെതന്നെ പൂർത്തിയാക്കിയതിനാൽ ടി പ്രവൃത്തികൾക്ക് പകരം മാടായി പഞ്ചായത്തിലെ സി. എച്ച്. റോഡ് പുതിയങ്ങാടി, കത്ത്യാൾ ഗേറ്റ് റോഡ് (മൂലക്കിൽ), കണ്ണപുരം പഞ്ചായത്തിലെ മൊട്ടമ്മൽ കാരക്കാട്ട് കുളം റോഡ് എന്നീ 3 റോഡുകൾക്ക് മാറ്റി അനുവദിച്ച് കൊണ്ട് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

2) പുതുതായി അനുവദിച്ച പ്രവൃത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും നിർവ്വഹണ പ്രവൃത്തിയുടെ അനുവദനീയമായ പുനരുദ്ധാരണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളും കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/228/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 03-01-2026 13:05:09
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്